**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1180** — **05.03.2018-ൽ മറുപടിക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ നടപടി**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** |
| (എ) | നിലവിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം എന്തൊക്കെയാണ്; | (എ) (ബി), (സി) & (ഡി) | ഉണ്ട്. 2006-11 കാലത്ത് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് EPIRB (റേഡിയോ ബിക്കൺ) മുൻപ് നല്കിയിട്ടുണ്ട്. കടൽ സുരക്ഷാ കിറ്റും വിതരണം ചെയ്തിരുന്നു. ഓഖിചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. കാലാവസ്ഥാ മുന്നറിയിപ്പും മറ്റും മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ ISRO തയ്യാറാക്കിയ 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധനയാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹസഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാകുന്നതാണ്. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് എത്തിക്കുന്നതിന് ഇൻകോയിസുമായി ധാരണപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ട്. അതിലേക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് INCOIS ന് കൈമാറിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുമ്പോഴും തിരിച്ചു വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും വികസിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭാവിയിൽ ലൈഫ് ജാക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷ ഉറപ്പ് വരുത്തുവാൻ എന്തെങ്കിലും പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഉപഗ്രഹമുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് സന്ദേശമെത്തിക്കുന്ന കാര്യം പരിഗണിക്കുമോ; | | |
| (ഡി) | ഐ.എസ്.ആർ.ഒ-യുമായി ചേർന്ന് നാവിക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ